# കേരള സർക്കാർ

## ജലവിഭവ വകുപ്പ് (ചെറുകിട ജലസേചനം)

### ദർഘാസ് പരസ്യം

നമ്പർ: ഡി3 24/2000

തിയതി: 21.03.2018

കേരള ഗവർണർക്കുവേണ്ടി കോഴിക്കോട് ചെറുകിട ജലസേചന വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ ചേർത്തിരി
ക്കുന്ന പ്രവർത്തികൾക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്ര വച്ചതും പ്രവൃത്തിയുടെ
പേര് പുറത്ത് ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ രജിസ്റ്റേർഡ് തപാൽ, സ്പീഡ്
പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവ്വീസിൽ അയയ്ക്കുന്നതോ നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ
സ്വീകരിക്കുന്നതല്ല. തപാൽ തകരാറുമൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ട്മെന്റ് യാതൊരുവിധ ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല.
ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന അവസാന തിയ്യതി മുതൽ 2 മാസം ആയിരിക്കും.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരതദ്രവ്യം (രൂപ) | ദർഘാസ് പ്രമാണ ത്തിന്റെ വില (രൂപ) | കരാറുകാരന്റെ യോഗ്യത | ദർഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതി | പ്രവർത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|---|---|
| 1 | 5 /2017-18 | പി. എം-കക്കോടി പഞ്ചായത്തിലെ ചെറുകുളം ഉപ്പുവെള്ള പ്രതിരോധ ബണ്ടിന്റെ വർക്കിങ് സ്ലാബിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ | 2,49,290/- | 6,300/- | 500+ ജി. എസ്.ടി | "D" ക്ളാസ്സും അതിനു മുകളിലും | 03.04.2018 ഉച്ചക്ക് 1 മണി വരെ | 1 മാസം |

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 27.03.2018 മുതൽ 28.03.2018
ഉച്ചയ്ക്ക് 1 മണിവരെ, ദർഘാസ് ഫോറത്തിന്റെ വില ട്രഷറിയിൽ "0702-01-800-97-00-00 " ഹെഡ്ഡിലും കൂടാതെ ജി.എസ്.റ്റി "8443-00-108-
00-02-00-PW"ഹെഡ്ഡിലും അടച്ച് രശീത് അടക്കം രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന് വേണ്ടി അടയ്ക്കുന്ന
തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. പ്രവൃത്തികളുടെ ദർഘാസുകൾ 03.04.2018, ഉച്ചയ്ക്ക് 1 മണിവരെ മാത്രമേ സ്വീകരിക്കുക
യുള്ളൂ. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന ദിവസം ഉച്ചയ്ക്ക് ശേഷം 3.30 മണിയ്ക്ക് സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ ദർഘാസുകൾ തുറക്കുന്നതാണ്. മുകളിൽ പറഞ്ഞി
രിക്കുന്ന ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിനു തൊട്ട് പിന്നീടുള്ള പ്രവൃത്തി ദിവസം ടി സമയത്ത് ടി ദർഘാ
സുകൾ നടത്തുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ ഏകദേശ വിലയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അപേക്ഷ സമർപ്പിക്കുമ്പോൾ യഥാർത്ഥ
വില എത്രയെന്ന് ഓഫീസിൽ അന്വേഷിക്കേണ്ടതും ആയത് ദർഘാസ് പ്രമാണത്തിനായി ഒടുക്കേണ്ടതുമാണ്.

ദർഘാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ രജിസ്ട്രേഷൻ സർട്ടിഫി
ക്കറ്റിന്റെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ അവർ ഏറ്റെടുക്കുന്ന പണികളുടെ ആകെ അടങ്കൽ തുകയുടെ
സർട്ടിഫിക്കറ്റ് അതാത് രജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാകുന്നു. നിരതദ്രവ്യം പണമായി സ്വീകരിക്കുന്നതല്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അധികാരപ്പെടുത്തിയതും ആവശ്യമായ സ്റ്റാമ്പ് പതിച്ച് ഒപ്പിട്ടതുമായ നിരതദ്രവ്യം ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. കരാറുകാർ ദർഘാസിനൊപ്പം 200 രൂപ വിലയുള്ള മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിലുള്ള പ്രാഥമിക ഉടമ്പടി കൂടി സമർപ്പിക്കേണ്ടതാണ്. മേൽ പറഞ്ഞ വ്യവസ്ഥകൾ പാലിക്കാത്തതും, നേരിട്ട് സമർപ്പിക്കുന്നതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

1987–ലെ കേരള നിർമാണ തൊഴിലാളി ക്ഷേമ നിയമത്തിലെ 8(2) വകുപ്പ് അനുസരിച്ച് മേൽപണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാർ റൊക്കം ചെലവിന്റെ ഒരു ശതമാനം കേരള നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേക്ക് ബില്ലിൽ നിന്നും നൽകേണ്ടതാണ് കേരള ജലസേചന വകുപ്പിൽ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ ചട്ടങ്ങളും, നിബന്ധനകളും ഈ ദർഘാസിനു ബാധകമായിരിക്കുന്നതാണ്.

സദാശിവൻ. ഇ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണർക്കുവേണ്ടി)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
ചെറുകിട ജലസേചന വിഭാഗം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് – 20
ഫോൺ - 0495 2371955

Office of the Asst. Executive Engineer, Minor Irrigation Sub-Division, Kozhikode-20

പകർപ്പ്:
1) ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും തിരുവനന്തപുരത്തിന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി സമർപ്പിക്കുന്നു.
2) ജില്ലാ കളക്ടർ, കോഴിക്കോടിന് സമർപ്പിക്കുന്നു.
3) എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോടിന് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി.
4) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. കോഴിക്കോടിന് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി.
5) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, കൊയിലാണ്ടിക്ക് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി.
6) അസിസ്റ്റന്റ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ നം. 1 കോഴിക്കോടിന് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി.
7) അസിസ്റ്റന്റ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ നം.2 കോഴിക്കോടിന് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ടി.
8) നോട്ടീസ് ബോർഡ്
9) പ്രവൃത്തി ഫയലിലേക്ക്
10) ഓഫീസ് ഫയലിലേക്ക്